# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T 3435 22.08.2017 ൽ മറുപടിയ്ക്ക്

## ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നഷ്ടപ്പെട്ട രത്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യങ്ങളായ രത്നങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് സർക്കാർതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ശ്രീകോവിലിൽ പ്രധാന വിഗ്രഹത്തിൽ ചാർത്തിയിരുന്ന ആഭരണങ്ങളിലെ അമൂല്യങ്ങളായ രത്നങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് മുൻക്ഷേത്ര മാനേജർ ശ്രീ.ഡി.വേണുഗോപാൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1990/2016 u/s 381 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സ് പോലീസ് ആസ്ഥാനത്തെ ഉത്തരവ് നമ്പർ.ഡി.1/185774/2016 തീയതി 09/11/2016 പ്രകാരം സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. CBCID Crime No.155/സി.ആർ./എസ്.എ.റ്റി./2016 ആയി റീ-നമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) ബഹു. സുപ്രീംകോടതി നിയോഗിച്ച വിദഗ്ധ സമിതിയുടെ കണക്കെടുപ്പും കെൽട്രോണിന്റെ മൂല്യനിർണ്ണയവും പൂർത്തീകരിച്ചതിന് ശേഷമാണോ രത്നങ്ങൾ നഷ്ടപ്പെട്ടത് എന്നുള്ള കാര്യം വ്യക്തമാക്കാമോ; | (ബി) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിത്യോപയോഗത്തിലിരിക്കുന്ന ആഭരണങ്ങളിൽ നിന്നും വൈരക്കല്ലുകളും സ്വർണ്ണ ആലിലകളും നഷ്ടപ്പെട്ടത് ഏത് കാലയളവിലാണെന്ന് അറിവായിട്ടില്ല. |
| (സി) നഷ്ടപ്പെട്ട രത്നങ്ങളും സ്വർണ്ണാഭരണങ്ങളും വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) അന്വേഷണം പൂർത്തിയായി മോഷണം സംബന്ധിച്ചും നഷ്ടപ്പെട്ട വസ്തുക്കൾ സംബന്ധിച്ചും വ്യക്തത വന്നതിനുശേഷം മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.